# 20

# ദൈവത്തിന്റെ വിശുദ്ധി

**1 പത്രൊസ് 1:15, 16; വെളിപ്പാട് 15:3, 4**

> *"... 'സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, സർവ്വ ഭൂമിയും അവന്റെ മഹത്വം കൊണ്ടു നിറഞ്ഞിരിക്കുന്നു'" (യെശയ്യാവു 6:3).*

ഒന്നു പത്രൊസ് 1:15, 16 പറയുന്നു, "നിങ്ങളെ വിളിച്ച വിശുദ്ധന്നു ഒത്തവണ്ണം, അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ; 'ഞാൻ വിശുദ്ധൻ ആകയാൽ, നിങ്ങളും വിശുദ്ധരായിരിപ്പിൻ' എന്നു, എഴുതിയിരിക്കുന്നുവല്ലോ." ക്രൂശിനെ കുറിച്ചു പഠിക്കുമ്പോൾ, നാം ദൈവത്തിന്റെ മാറ്റമില്ലാത്ത വിശുദ്ധിയെ കണ്ടുമുട്ടുന്നു!

*ദൈവം വിശുദ്ധനാണ്!* നമ്മോടു ദൈവത്തെ പോലെ വിശുദ്ധനാകുവാൻ പറഞ്ഞിട്ടില്ല; അതു ആർക്കും വഹിക്കുവാൻ പറ്റാത്ത ഭാരം ആയിരിക്കും (പ്രവൃത്തികൾ 15:10). ദൈവം മൂന്നിരട്ടി വിശുദ്ധൻ ആണ്. അവൻ "പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ" (യെശയ്യാവു 6:3). അവൻ വെറും "സ്നേഹം, സ്നേഹം, സ്നേഹം" അല്ല അല്ലെങ്കിൽ "നിയമം, നിയമം, നിയമം" മാത്രമല്ല. ദൈവം ദൈവമാണ്, അതിനർത്ഥം അവൻ പരിശുദ്ധൻ ആണ്! നാം കോപത്തെ സ്വീകരിക്കുന്നതിനോ അനുവദിക്കുന്നതിനോ വേണ്ടി വിശുദ്ധിയെ ആദരിക്കണം. കോപം എന്തെന്നു മനസ്സിലാക്കുന്നതുവരെ നമുക്കു കൃപയെ അഭിനന്ദിക്കുവാനോ സ്വീകരിപ്പാനോ കഴിയുകയില്ല. "സ്നേഹവാനായ ദൈവത്തിനു ഒരു പാപിയെ എങ്ങനെ നരകത്തിലേക്കു അയക്കുവാൻ കഴിയും?" എന്നതല്ല ചോദ്യം, "വിശുദ്ധനായ ദൈവത്തിനു എങ്ങനെ ഒരു പാപിയെ നരകത്തിൽ അയക്കാ*തിരിക്കാൻ* കഴിയും?" എന്നാണ്.

ദൈവം യഥാർത്ഥത്തിൽ ആയിരിക്കുന്നതുപോലെ നമുക്കു കാണുവാൻ കഴിയാത്തതാണ് നമ്മുടെ ഒന്നാമത്തെ പ്രശ്നം. നാം ദൈവത്തെ താഴ്ത്തിക്കൊണ്ടുവന്നു നമ്മെ പോലെ ആക്കരുത്. നാം ദൈവത്തെ പോലെ ആകുവാൻ നമ്മെ ഉയർത്തുകയാണ് വേണ്ടത്. ദൈവത്തെ

കുറിച്ചുള്ള വൈകാരിക ആശയങ്ങൾ ദൈവത്തെ കുറിച്ചു മൗഢ്യമായി സംസാരിക്കുവാൻ ഇടയാക്കും. ഇന്ന്, ദൈവം "ഉള്ളിൽ" ആണ്; എന്നാൽ "ഉള്ളിലെ" ദൈവം വിശുദ്ധ ദൈവം അല്ല! ഇന്ന് ആളുകൾ ദൈവത്തെ *അനുഭവിച്ചറിയുവാൻ* ആഗ്രഹിക്കുന്നു എന്നാൽ അവനെ അറിയുവാനും അനുസരിക്കുവാനും മടിക്കുന്നു (യോഹന്നാൻ 17:3).

ദൈവത്തിനു, ഒരർത്ഥത്തിൽ, സ്വഭാവങ്ങൾ ഇല്ല. ഒരു പലഹാരം പോലെ അവനെ മുറിക്കുവാൻ സാധ്യമല്ല. അവൻ "*പരിശുദ്ധൻ*" ആണ്! വിഗ്രഹങ്ങൾ പരിശുദ്ധമല്ല പരിശുദ്ധമാകാനും സാധ്യമല്ല! ദൈവത്തിന്റെ നാമം "പരിശുദ്ധം" ആണ് (യെശയ്യാവു 57:15). ദൈവത്തിന്റെ "മറ്റുള്ള വയെ" യും നാം തിരിച്ചറിയണം! ഒരു നിലവാരത്തിലേക്കു അവൻ മാറു കയില്ല – അവൻ തന്നെ*യാണ്* അന്തിമ നിലവാരം. അവൻ, പൂർണ്ണനും, അതിരറ്റവനും, അവന്റെ നൈർമ്മല്യത്തിന്റെ പൂർണ്ണത മനസ്സിലാക്കുവാൻ പറ്റാത്തതും, അവന്റെ കഴിവു മറ്റാർക്കും ഇല്ലാത്തതുമാണ്. സത്യാത്മാവു എന്നു പറയുന്നതു ദൈവത്തിന്റെ ആത്മാവാണ്.

നാം ദൈവത്തിന്റെ അത്ഭുതത്തിൽ, അതിശയകരമായി ജീവിക്കണം! അവൻ പ്രത്യേകതയുള്ളവനാണ്. അവൻ, ഭാഗങ്ങൾ ഒത്തുചേർന്നു പ്രവർത്തിക്കുന്നവനല്ല, പക്ഷെ കേവലം *ഏകനാണ്*! ദൈവം തലങ്ങ നെയും – വിലങ്ങനെയും ഒരിക്കലും പ്രവർത്തിക്കയില്ല. അവന്റെ ഒരു സ്വഭാവം മറ്റൊന്നിനു എതിരാകയില്ല. അവൻ "നടക്കുന്ന ആഭ്യന്തര യുദ്ധം" അല്ല.

ദൈവം സ്നേഹം ആകുന്നു (1 യോഹന്നാൻ 4:8, 16), എന്നാൽ സ്നേഹം ദൈവം അല്ല. ദൈവം സ്നേഹത്തെ നിർവ്വചിക്കുന്നു; സ്നേഹം ദൈവത്തെ നിർവ്വചിക്കുന്നില്ല. വിശുദ്ധിക്കപ്പുറമായി സ്നേഹ ത്തിനു അർത്ഥമാക്കുവാൻ കഴിയുകയില്ല. വിശുദ്ധി ആവശ്യപ്പെടുന്നതു, സ്നേഹം തരുന്നു. ദൈവം സ്നേഹത്തിനു തുല്യം മാത്രമാണെങ്കിൽ, ദൈവത്തിന്റെ വ്യക്തിത്വം വെറും സ്നേഹ സ്വഭാവമായി മാറും. ഇത് (സ്നേഹം) ഒഴിച്ചു മറ്റെല്ലാ സ്വഭാവങ്ങളെയും മാറ്റി നിർത്തിയാൽ, അപ്പോൾ ഈ ഒരു സ്വഭാവം ദൈവത്തിനു പകരമാകും. സ്നേഹം ദൈവ ത്തിന്റെ സ്വഭാവം പോലെയുള്ളതാണ്, എന്നാൽ അതു ദൈവമല്ല.

ദേവന്മാർ എന്നു പറയപ്പെടുന്നവരിൽ നിന്നും അവന്റെ സൃഷ്ടിക ളിൽ നിന്നും ദൈവത്തെ വേർപെടുത്തി നിർത്തുന്ന പ്രത്യേക സ്വഭാവ മാണ് വിശുദ്ധി. ഇതു ദൈവത്തെ തന്റെ സ്നേഹം നല്കുവാനും നല്കു വാതിരിക്കുവാനും ഇടയാക്കുന്നു. അറുനൂറിലധികം പ്രാവശ്യം "വിശു ദ്ധി" എന്ന വാക്ക് ബൈബിളിൽ ഉപയോഗിച്ചിരിക്കുന്നതിൽ അതിശയി ക്കേണ്ടതില്ല! ഉയർന്ന അധികാരമുള്ളവർക്കേ അനുസരണം നിർബ്ബന്ധി ക്കാനാകൂ. ഭൂതകാല നിത്യതയിലെല്ലാം, ദൈവത്തിന്റെ സ്വഭാവത്തിൽ ഒന്നും പ്രവേശിച്ചിട്ടില്ല, ഒന്നും നീക്കം ചെയ്യപ്പെട്ടിട്ടുമില്ല.

*നാം വിശുദ്ധരാകണം!* വിശുദ്ധി എല്ലാ മനുഷ്യരുടേയും പ്രവൃത്തി ആയിരിക്കണം! പ്രയാസ ഘട്ടങ്ങളിൽ വിശുദ്ധി നഷ്ടമാകുന്നതു എന്തു കൊണ്ടാണ്? ഖേദമെന്നു പറയട്ടെ, മനുഷ്യവർഗ്ഗം അതിനെ അനാഥമാ ക്കിയിരിക്കയാണ്. വ്യക്തിപരമായ വിശുദ്ധി കാലോചിതമല്ലാതായി തീർന്നിരിക്കുന്നു. യേശുവിനെ കുറിച്ചുള്ള വിശുദ്ധിയെ നാം പ്രോത്സാ

ഹിപ്പിക്കുന്നുപോലും ഇല്ല. നിങ്ങൾ എപ്പോഴാണ് "യേശുവിന്റെ വിശുദ്ധിയെ" കുറിച്ചു അവസാനമായി കേട്ടത്? വിശുദ്ധി ക്രിസ്തുവിലേക്കുള്ള വഴി അല്ല; വിശുദ്ധിയിലേക്കുള്ള വഴിയാണ് ക്രിസ്തു. ക്രിസ്ത്യാനി ലോകത്തിൽ ജീവിച്ചതുകൊണ്ടു നശിച്ചു പോകുന്നില്ല, എന്നാൽ അവൻ ലോകയാതന തന്നിൽ ജീവിക്കുവാൻ അനുവദിക്കുമ്പോഴാണ് നശിച്ചുപോകുന്നത്. വിശുദ്ധി എനിക്കു ദൈവം തരിക മാത്രമല്ല, എന്നാൽ ഞാൻ അതിനെ ദൈവം എനിക്കു തന്ന ജീവിതത്തിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. വിശുദ്ധി എന്നത് ഒരു സ്ഥാനവും, പരിശീലനവും, നടപടിയുമാണ്.

വില കുറഞ്ഞതും, തെറ്റായതുമായ ആത്മിയതക്കു വെച്ചു മാറാവുന്നതല്ല വിശുദ്ധി. ആത്മിയതയെ വ്യാജമാക്കുകയോ കാപട്യമാക്കുകയോ ചെയ്യാം; പക്ഷെ വിശുദ്ധിയെ അങ്ങനെ ചെയ്യാവുന്നതല്ല. താഴ്മയിൽ ഒരാൾക്കു അഭിമാനിക്കുവാൻ കഴിയുമോ? തീർച്ചയായും, വലിയ ഗുണങ്ങൾ ഉള്ളവർക്കു അവ ഉണ്ടെന്നു പോലും സാധാരണ ഓർക്കാറില്ല. താഴ്മയുള്ളവർ അവരുടെ താഴ്മയെ നിഷേധിക്കയാണ് പതിവു!

ശുദ്ധീകരണം കൂടാതെ, നമുക്കു ദൈവത്തെ കാണുവാൻ സാധ്യമല്ല (എബ്രായർ 12:14). നമ്മുടെ ഹൃദയങ്ങൾ വിശുദ്ധിയിൽ ദൈവ മുൻപാകെ നാം കുറ്റമില്ലാത്തവരായി കാണുന്നു (1 തെസ്സലൊനിക്യർ 3:12, 13). ദൈവഭയത്തിലും വിശുദ്ധിയിലും നാം തികഞ്ഞവർ ആകണം (2 കൊരിന്ത്യർ 7:1) അവന്റെ വിശുദ്ധിയിൽ നാം പങ്കുകാരാകയും ചെയ്യുന്നു (എബ്രായർ 12:10).

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

© 2009 Truth for Today